"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്-പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ - ഏകദിന സംയുക്ത പരിശോധന- 14332 എഞ്ചിനുകൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.231/2022/F&P തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 90/2022/മതുവ തീയതി 21.02.2022

2. ഫിഷറീസ് ഡയറക്ടറുടെ 14.03.2022 ലെ DFTVM/1497/2020-G1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായുള്ള ഏകദിന സംയുക്ത പരിശോധന 27.02.2022 ന് ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളുടേയും, മത്സ്യഫെഡിന്റേയും നേതൃത്വത്തിൽ പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്തുടനീളം നിശ്ചിത കേന്ദ്രങ്ങളിൽ വെച്ച് നടത്തുകയുണ്ടായി.

2) ഏകദിന സംയുക്ത പരിശോധനയിൽ, 9594 അപേക്ഷകളിലായി 10889 യാനങ്ങളും 14489 എൻജിനുകളും അപേക്ഷിച്ചതിൽ, 14332 എൻജിനുകൾ പെർമിറ്റ് യോഗ്യമാണെന്ന് ശുപാർശ ചെയ്തതായും, 60 എണ്ണം യോഗ്യമല്ലെന്ന് കണ്ട് നിരസിക്കുകയും, 97 എഞ്ചിനുകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും, മണ്ണെണ്ണ പെർമിറ്റിന് യോഗ്യമാണെന്നു കണ്ടെത്തിയ 14332 എണ്ണം എഞ്ചിനുകളുടെ ലിസ്റ്റ് അംഗീകരിച്ച് പ്രസ്തുത എഞ്ചിനുകൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായി ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളുടേയും, മത്സ്യഫെഡിന്റേയും നേതൃത്വത്തിൽ 27/02/2022-ന് നടത്തിയ ഏകദിന സംയുക്ത പരിശോധനയിൽ മണ്ണെണ്ണ പെർമിറ്റിന് അർഹരാണെന്ന് കണ്ടെത്തി പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള 14,332 എണ്ണം എഞ്ചിനുകളുടെ ലിസ്റ്റ് അംഗീകരിച്ച് പ്രസ്തുത എഞ്ചിനുകൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
ഡയറക്ടർ,സിവിൽ സപ്ലൈസ് വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ),തിരുവനന്തപുരം
ഡയറക്ടർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,
**Signed by Sulfikkerali K K**
**Date: 08-04-2022 17:00:45**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
സിവിൽ സപ്ലൈസ് വകുപ്പ്.